## പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :1056

12-07-2016 ൽ മറുപടിയ്ക്ക്

### പാലക്കാട് ജില്ലയിലെ നെൽപ്പാടങ്ങൾ

**ചോദ്യം**
ശ്രീ.പി.ഉണ്ണി

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിൽ നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം ഗണ്യമായി കുറഞ്ഞു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | ഉണ്ട്. പാലക്കാട് ജില്ലയിൽ നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം ഗണ്യമായി കുറഞ്ഞു വരുന്നുണ്ട്. നെൽകൃഷിക്കുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, നീർവാർച്ച, സൗകര്യങ്ങളുടെ അപര്യാപ്തത, തൊഴിലാളികളുടെ ദൗർലഭ്യം, ഉയർന്ന കൂലിയും പാർപ്പിടവും, വാണിജ്യാവശ്യങ്ങൾക്കായി നെൽവയൽ നികത്തി ഉപയോഗിക്കുന്ന പ്രവണതയും വ്യാപകമായി അനധികൃത ഇഷ്ടിക കളങ്ങൾ നടത്തുന്നതും നെൽകൃഷി വിസ്തൃതി കുറയുന്നതിനും കൃഷി ഭൂമി തരിശിടുന്നതിനും കാരണമാകുന്നുണ്ട്. |
| (ബി) | നെൽപ്പാടങ്ങൾ അനധികൃതമായി മണ്ണിട്ടു നികത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു തടയുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികളെന്തെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. അനധികൃത പരിവർത്തനം ശ്രദ്ധയിൽപ്പെട്ടാൽ റിപ്പോർട്ടിംഗ് ഓഫീസർമാരായ കൃഷി ഓഫീസർമാർ ടി വിവരം റവന്യൂ ഉദ്യോഗസ്ഥർക്ക് റിപ്പോർട്ട് ചെയ്തുവരുന്നുണ്ട്. പാടങ്ങൾ നികത്തുന്നതിനെതിരെയും സർക്കാർ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പാലക്കാട് ജില്ലയിൽ വലിയ തോതിൽ ഭൂമിയുടെ തരം മാറ്റി നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു നിർത്തലാക്കുന്ന കാര്യം പരിഗണിക്കുമോ; | (സി) | പാലക്കാട് ജില്ലയിൽ വലിയ തോതിൽ ഭൂമിയുടെ തരംമാറ്റം നടക്കുന്നതും, അനധികൃത ഇഷ്ടിക കളങ്ങൾ നടത്തുന്നത് സംബന്ധിച്ചും റിപ്പോർട്ട് നൽകുവാനും കർശന നടപടി സ്വീകരിക്കുവാനും കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | ഇത്തരത്തിൽ തരം മാറ്റി നൽകിയ കേസ്സുകൾ പുന:പരിശോധിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഡി) | സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ